# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 79 — 11.03.2015 - ൽ മറുപടിയ്ക്ക്

**മുല്ലപ്പെരിയാർ അണക്കെട്ട്**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. സാജു പോൾ<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | | ശ്രീ. പി. ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പുയർത്താൻ അനുവദിച്ച സുപ്രീംകോടതി മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നത് വിലക്കിയിട്ടുണ്ടോ; | (എ) | മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. സുപ്രീംകോടതി വിലക്കുകൾ ഏർപ്പെടുത്തിയിട്ടില്ല. |
| (ബി) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കാനായി ഈ സർക്കാർ എന്തൊക്കെ കാര്യങ്ങൾ ചെയ്തുവെന്ന് വിശദമാക്കാമോ; | (ബി) | മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന്റെ ഭാഗമായി പര്യവേഷണ ജോലികൾ നടത്തി alignment കണ്ടെത്തുകയും ഡാമിന്റെ രൂപകല്പന നടത്തി feasibility report and Detailed Project Report എന്നിവ തയ്യാറാക്കി കേന്ദ്രസർക്കാരിനും അനന്തരം, Empowered Committee - യ്ക്കും സമർപ്പിക്കുകയുണ്ടായി. നാഷണൽ ബോർഡ് ഓഫ് വൈൽഡ് ലൈഫിന്റെ 31-ാ മത് സ്റ്റാന്റിംഗ് കമ്മിറ്റി മീറ്റിംഗിൽ പുതിയ ഡാം മുല്ലപ്പെരിയാറിൽ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പരിസ്ഥിതി ആഘാത പഠനം (EIA Study) നിബന്ധനകൾക്ക് വിധേയമായി നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വനം |

വകുപ്പിന്റെ സഹകരണത്തോടെ ഇതു സംബന്ധിച്ച തുടർ നടപടികൾ നടന്നു വരുന്നു. പരിസ്ഥിതി ആഘാത പഠനത്തിനു പുറമേ Geological Survey of India നിർ ദ്ദേശിച്ച അധിക borehole എടുക്കുന്നതിനും വനം വകുപ്പിന്റെ അനുമതിയ്ക്കായുള്ള നിർ ദ്ദേശം (proposal) ടി വകുപ്പിന് നല്കിയിട്ടുണ്ട്.

(സി) ജനങ്ങളുടെ സുരക്ഷ കണക്കിലെടുത്ത് പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനും, അതിനായി കേന്ദ്രാനുമതി നേടിയെടുക്കാനും എന്തെല്ലാം ശ്രമങ്ങൾ നടത്തി; വിശദമാക്കാമോ?

(സി) പുതിയ അണക്കെട്ടിനായുള്ള പര്യവേഷണത്തിന് കേന്ദ്ര സർക്കാരിന്റെ വനം-പരിസ്ഥിതി മന്ത്രാലയത്തിൽ (MOEF) നിന്നും അംഗീകാരം നേടുകയും പര്യവേഷണത്തിനുശേഷം പുതിയ അണക്കെട്ടിന്റെ Detailed Project report (DPR), തയ്യാറാക്കി കേന്ദ്ര സർക്കാരിനും Empowered Committee - യ്ക്കും സമർപ്പിക്കുകയുണ്ടായി. പുതിയ അണക്കെട്ട് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പരിസ്ഥിതി ആഘാത പഠനം നടത്തുന്നതിന് വേണ്ടിയുള്ള എൻ.ഒ.സി-യ്ക്കായി (NOC); വനം വകുപ്പ മുഖേന കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽ അപേക്ഷ സമർപ്പിക്കുകയും പരിസ്ഥിതി ആഘാത പഠനത്തിനായി നാഷണൽ ബോർഡ് ഓഫ് വൈൽഡ് ലൈഫിന്റെ അംഗീകാരം നേടുകയുമുണ്ടായി. സംസ്ഥാന വനം വകുപ്പിന്റെ കൂടി സഹകരണത്തോടെ പരിസ്ഥിതി ആഘാത പഠനം നിലവിലുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പ്രാവർത്തികമാക്കുന്നതിനുള്ള പരിശ്രമങ്ങൾ തുടർന്നു വരുന്നു.

**സെക്ഷൻ ഓഫീസർ**